നമ്പർ 287999/AD-LEG-ASST-4/2022/Admn

University Of Calicut (AD-Legal Cell)

തീയതി. 18 01 2023

## മെമ്മോറാണ്ടം

വിഷയം - ശ്രീ. സതീശൻ ആർ (ഐഡി നമ്പർ 3270), സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്)- അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നതിനെതിരെ കുറ്റാരോപണ മെമ്മോ , കുറ്റാരോപണ പത്രം എന്നിവ നൽകുന്നത് - സംബന്ധിച്ച്

സൂചന - 1) ഭരണവിഭാഗം 'ഇ ' സെക്ഷനിൽ നിന്നുള്ള 16 12.2022 തിയ്യതിയിലെ 251589/AD-E-ASST-3/2022/Admn നമ്പർ അനൗദ്യോഗിക കുറിപ്പ്

2) ബഹു വൈസ് ചാൻസലറുടെ 30 12 2022 തീയ്യതിയിലെ ഇതേ ഫയലിലെ ഉത്തരവ്

ശ്രീ സതീശൻ ആർ , (ഐ ഡി നമ്പർ 3270), സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്) ടിയാന് വ്യക്തിപരമായ ആവശ്യങ്ങൾക്കായി അനുവദിച്ചിട്ടുള്ള 76 ദിവസത്തെ ശൂന്യവേതന അവധിക്ക് ശേഷം ടിയാൾ ജോലിയിൽ പുനഃപ്രവേശിച്ചിട്ടില്ല എന്ന് സൂചന (1) പ്രകാരം അറിയിച്ചിട്ടുണ്ട്

ഇപ്രകാരം, ശൂന്യവേതന അവധി കാലാവധി കഴിഞ്ഞു അനധികൃതമായി ജോലിയിൽ ഹാജരാകാതെയിരിക്കുന്ന ശ്രീ സതീശൻ ആർ ന് എതിരെ സർവകലാശാല സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥകൾ പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കാൻ സൂചന (2) പ്രകാരം വൈസ് ചാൻസലർ ഉത്തരവായിട്ടുണ്ട്

ആയതിനാൽ കാലിക്കറ്റ് സർവകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ടിലെ ചാപ്റ്റർ 4 പാർട്ട് III സ്റ്റാറ്റ്യൂട്ട് 32 (എ) പ്രകാരമുള്ള കുറ്റാരോപണ മെമ്മോ (Memo of charges), കുറ്റാരോപണ പത്രം (Statement of allegation) എന്നിവ ഇതോടൊപ്പം നൽകുന്നു

ഡോ. സതീഷ്.ഇ.കെ.
രജിസ്ട്രാർ

ഉത്തരവിൻ പ്രകാരം

Section Officer

സ്വീകർത്താവ്

ശ്രീ സതീശൻ ആർ ., S/o രാമൻ പി പാലക്കോട് ഹൗസ് ,വണ്ടിത്താവളം പി ഓ ,പാലക്കാട് - 678534

Copy to PS to VC/ PA to Reg / SF/ DF/ FC

കാലിക്കറ്റ് സർവകലാശാല
(ഭരണവിഭാഗം)

287999/AD-LEG-ASST-4/2022/Admn 17.01.2023

## കുറ്റാരോപണ മെമ്മോ

സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്) തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ. സതീശൻ ആർ. (ഐഡി നം 3270) എന്ന താങ്കൾക്ക്, 21.04.2022 തീയതിയിലെ 8828/2022/Admn നമ്പർ സർവകലാശാല ഉത്തരവ് പ്രകാരം 04.04.2022 മുതൽ 18.06.2022 വരെയുള്ള 76 ദിവസത്തെ കാലയളവിലേക്ക് ശൂന്യവേതന അവധി അനുവദിച്ചിരുന്നു. എന്നാൽ, താങ്കൾ ശൂന്യവേതന അവധിക്ക് ശേഷം ജോലിയിൽ പുനഃപ്രവേശിക്കുകയോ അവധി ദീർഘിപ്പിച്ച് നൽകുന്നതിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

അവധി കാലാവധി കഴിഞ്ഞ് അനധികൃതമായി ജോലിയിൽ നിന്ന് വിട്ടുനിൽക്കുന്ന താങ്കൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിയ്ക്കാതിരിക്കാൻ എന്തെങ്കിലും കാരണമുണ്ടെങ്കിൽ ആയത് 10 ദിവസത്തിനകം ബോധിപ്പിക്കാൻ ആവശ്യപ്പെട്ട് 07.11.2022 തീയതിയിൽ നൽകിയ മെമ്മോക്ക് താങ്കൾ രേഖാമൂലം മറുപടി നൽകുകയോ ജോലിയിൽ പുനഃപ്രവേശിക്കുകയോ ചെയ്തിട്ടില്ല

ഇപ്രകാരം, ശൂന്യവേതന അവധി കാലാവധി കഴിഞ്ഞ് അനധികൃതമായി ജോലിയിൽ ഹാജരാകാതെയിരിക്കുന്ന താങ്കൾക്കെതിരെ കാലിക്കറ്റ് സർവകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് 1977 ചാപ്റ്റർ 4 ഭാഗം III നിഷ്കർഷിച്ചിട്ടുള്ള ചട്ടങ്ങൾ അനുസരിച്ച് അച്ചടക്ക നടപടി സ്വീകരിയ്ക്കാതിരിക്കാൻ എന്തെങ്കിലും കാരണമുണ്ടെങ്കിൽ ആയത് ഈ മെമ്മോ കിട്ടുന്ന തീയതി മുതൽ 15 ദിവസങ്ങൾക്കുള്ളിൽ രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. നേരിട്ട് കാര്യം ബോധിപ്പിക്കാനാഗ്രഹിക്കുന്നുവെങ്കിൽ ആ വിവരം കൂടി അറിയിക്കേണ്ടതാണ്. താങ്കൾക്ക് എതിർവാദ പത്രിക സമർപ്പിക്കുവാൻ നിശ്ചയിച്ചിട്ടുള്ള തിയ്യതിക്ക് മുമ്പ് ഏതു ദിവസവും താങ്കളുടെ താല്പര്യപ്രകാരം മുൻകൂട്ടി നിശ്ചിയിക്കുന്ന സമയത്ത് കുറ്റാരോപണ പത്രികയിൽ പറഞ്ഞിട്ടുള്ള വസ്തുതകൾക്ക് ആധാരമായ രേഖകൾ പരിശോധിക്കാവുന്നതും പ്രസക്തഭാഗങ്ങൾ കുറിച്ചെടുക്കാവുന്നതുമാകുന്നു. താങ്കളുടെ എതിർവാദ പത്രിക നിശ്ചിത കാലാവധിക്കുള്ളിൽ ലഭിക്കുന്നില്ലെങ്കിൽ താങ്കൾക്ക് ഇക്കാര്യത്തിൽ എതിർവാദങ്ങളൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്

മേൽ പറഞ്ഞിരിക്കുന്ന കുറ്റത്തിന് അടിസ്ഥാനമായ ആരോപണങ്ങളുടെ പത്രിക ഇതോടൊപ്പം ചേർത്തിരിക്കുന്നു

## കുറ്റാരോപണ പത്രിക

സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്) തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ സതീശൻ ആർ (ഐഡി നം 3270) എന്ന താങ്കൾ 04.04.2022 മുതൽ 18.06.2022 വരെ അനുവദിച്ച ശൂന്യവേതന അവധി കഴിഞ്ഞ് ജോലിയിൽ പുനഃപ്രവേശിക്കാതെ അനധികൃതമായി ജോലിക്കു ഹാജരാകാതെയിരിക്കുകയാണ്. അവധി കാലാവധി കഴിഞ്ഞു അനധികൃതമായി ജോലിയിൽ ഹാജരാകാതെയിരിക്കുന്ന താങ്കൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിയ്ക്കാതിരിക്കാൻ എന്തെങ്കിലും കാരണമുണ്ടെങ്കിൽ ആയത് ബോധിപ്പിക്കാൻ ആവശ്യപ്പെട്ട് 07.11.2022 തീയതിയിൽ നൽകിയ മെമ്മോക്ക് താങ്കൾ മറുപടി നൽകുകയോ ജോലിയിൽ പുനഃപ്രവേശിക്കുകയോ ചെയ്തിട്ടില്ല

UNIVERSITY OF CALICUT * CALICUT UNIVERSITY P.O., MALAPPURAM 673635

Registrar